Draft #2 of File 42900/AC A1-3/2021/AC A 1 Approved by Registrar on 08-Mar-2021 03:55 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. 42900/AC A1-3/2021/AC A 1 തീയതി: 08.03.2021

പ്രിയദർശിനി ഹിൽസ്

**സർക്കുലർ**

വിഷയം:- സ്വാശ്രയ കോളേജുകൾ /കോഴ്സുകൾ എന്നിവയുടെ താല്കാലിക അഫിലിയേഷൻ 2021-22 അദ്ധ്യയനവർഷം തുടരുന്നതിനായുള്ള അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി നീട്ടിയിരിക്കുന്നത് സംബന്ധിച്ച്.

സൂചന :- 1.സർക്കുലർ നമ്പർ .42900/AC A1-3/2021/AC A1 തീയതി :23 .02.2021

സ്വാശ്രയ കോളേജുകളുടേയും എയ്ഡഡ്/സ്വാശ്രയ കോളേജുകളിലെ സ്വാശ്രയ കോഴ്സുകളുടേയും അഫിലിയേഷൻ 2021-22 അദ്ധ്യയനവർഷം പുതുക്കുന്നതിനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി **18.03.2021 വരെ നീട്ടിയിരിക്കുന്നു.**

**ഇന്റേണൽ ഓഡിറ്റ് സെക്ഷനിൽ നിന്നും കുടിശ്ശികയില്ല എന്ന സാക്ഷ്യപത്രം ലഭിച്ചിട്ടില്ലാത്ത കോളേജുകളുടെ പ്രിൻസിപ്പാൾമാർ / മാനേജർമാർ , 100 രൂപയുടെ മുദ്രപത്രത്തിൽ, ഇന്റേണൽ ഓഡിറ്റ് വിഭാഗത്തിന്റെ പരിശോധനയിൽ കുടിശ്ശിക ഉള്ളതായി ശ്രദ്ധയിൽ പെട്ടാൽ ആയത് 15 ദിവസത്തിനുള്ളിൽ അടച്ച് തീർത്തു കൊള്ളാമെന്നുള്ള സത്യവാങ്ങ്മൂലം അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ് .**

അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ

1.ഡി.എസ്.എസ്, എസി.എ8 , എസ്.പി.ഇ.എസ്.എസ് എന്നിവിടങ്ങളിൽ നിന്നുള്ള ബാധ്യതാരഹിത സാക്ഷ്യപത്രം
2.കോളേജുകൾ /കോഴ്സുകൾ എന്നിവയുടെ അഫിലിയേഷൻ പുതുക്കുന്നതിനുള്ള ഫീസ് അടച്ചതിൻറെ രസീത്.
3.ഇൻസ്പെക്ഷൻ ഫീസ് അടച്ചതിൻറെ രസീത്.
4.അഫിലിയേഷൻ പുതുക്കേണ്ട കോഴ്സുകളുടെ ലിസ്റ്റ്

**ഫീസ് അടയ്ക്കുന്നതു സംബന്ധിച്ച വിശദാംശങ്ങൾ**

| | | |
|---|---|---|
| 1. | സ്വാശ്രയ കോളേജുകളുടെ അഫിലിയേഷൻ പുതുക്കി നൽകുന്നതിനുള്ള ഫീസ് (ഓരോ കോളേജിനും) | 15750 |
| 2. | സ്വാശ്രയ കോഴ്സുകളുടെ അഫിലിയേഷൻ പുതുക്കി നൽകുന്നതിനുള്ള ഫീസ് (ഓരോ കോഴ്സിനും) | 5250 |
| 3. | ഇൻസ്പെക്ഷൻ ഫീസ് (ഓരോ അംഗത്തിനും) | 3150 |

ഓരോ ഫീസിനവും മഹാത്മാഗാന്ധി സർവകലാശാലയുടെ epay.mgu.ac.in ലിങ്കിൽ പണമടച്ച് രസീത് അഫിലിയേഷൻ പുതുക്കുന്നതിനുള്ള അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

**ഡോ.പ്രകാശ് കുമാർ .ബി**
രജിസ്ട്രാർ

Draft #2 of File 42900/AC A1-3/2021/AC A 1 Approved by Registrar on 08-Mar-2021 03:55 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം